Dr. E. S. R. Menon *(Director of Public Health and Panchayats).*—I want notice for that.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— പറപ്പൂക്കര പഞ്ചായത്തിൽ വളരെക്കാലമായിട്ട് ഈഴവരെ നാമിനേറ്റു ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ ചെയ്യാറില്ല.

Dr. E. S. R. Menon *(Director of Public Health and Panchayats).*—Sir, I am sorry I cannot give the information.

Kodakara Panchayat Court—particulars regarding.

338. Mr. A. V. Moothedan *(Chalakkudi).*—Will the Government be pleased to state:—

(a) whether the Kodakara Panchayat Court is functioning now;

(b) if not, why not?

Dr. E. S. R. Menon *(Director of Public Health and Panchayats).*—(a) No.

(b) The Court has not been constituted.

Regarding repairs to certain tanks in Cranganur.

നമ്പൻ മിസ്റ്റർ വി. കെ. കുട്ടി *(Muslims).*—

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ:—

(ഉ) കൊടുങ്ങല്ലൂർ കാവിൽ മാക്കറിന്റെ പിന്നിലും അതിന്റെ വടക്കുവശവുമായി കിടക്കുന്ന തളിക്കുളവും തളവായിക്കുളവും വെട്ടിച്ചു വൃത്തിയാക്കീട്ടു് എത്ര കാലമായിട്ടുണ്ടു്;

(ഊ) തളിക്കുളത്തിന്റെ ഏതാണ്ടു് മുഴുവൻഭാഗവും മണ്ണുവീണു് നികന്നുപോയിരിക്കുന്നതിനാൽ വർഷക്കാലത്തുപോലും ചിലപ്പോൾ വെള്ളമില്ലാതെ വരുന്നവിവരം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ഋ) തളിക്കുളം നികന്നുപോകുകനിമിത്തം അവിടെയുള്ള സ്ത്രീപുരുഷന്മാർ യാതൊരു മറവുംക്രമീകരിക്കാതെ തളവായിക്കുളത്തിൽ കുളിക്കുവാൻ നിർബ്ബന്ധിതരായി തീർന്നിട്ടുള്ള വിവരം സദയം അന്വേഷിക്കുമോ;

(ൠ) അടുത്ത വർഷത്തിലെങ്കിലും പ്രസ്തുത തളിക്കുളം വെട്ടിച്ചു് വൃത്തിയാക്കി സ്ത്രീകൾക്കു മാത്രമായി ഉപയോഗപ്പെടുത്തുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly